**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3362** **14-07-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സഹായകരമായ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ വിപണി കണ്ടെത്തി മതിയായ വില ലഭ്യമാക്കുന്നതിന് സഹായകരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; | (എ) | കൃഷി വകുപ്പ്, വിവിധ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ വഴി അതതു ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്കു വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്ത വ്യാപാരവിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ഉൽപ്പന്നങ്ങൾ ന്യായവിലക്ക് ലേലത്തിൽ വിറ്റഴിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്.കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK) യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തി വരുന്നു. കൂടാതെ കൃഷിവകുപ്പ് സംരംഭമായ ' ഹോർട്ടികോർപ്പും' കർഷകരിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട്-ലെറ്റുകൾ വഴിയും വിപണനം നടത്തിവരുന്നു.<br><br>ഉത്സവ കാലങ്ങളിൽ വിവിധ പച്ചക്കറി ഇനങ്ങളിൽ അധിക ഉത്പാദനം ഉണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് 'വിപണി ഇടപെടൽ' പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ |

| | | | |
|---|---|---|---|
| | | | ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെയും സഹകരിച്ചു വരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്.<br><br>കൂടാതെ, വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു .<br><br>ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും ഈ വിപണികൾവഴി ഒരുക്കുന്നു. പദ്ധതിപ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | കർഷകർക്ക് സഹായകരമായി അവരുടെ കൃഷികളുടെയും വിപണികളെയും സംബന്ധിച്ച് സമഗ്ര സർവ്വേ നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കൃഷി വകുപ്പ് സർവ്വേ നടത്തിയിട്ടില്ല. എന്നാൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ദേശീയ സാമ്പിൾ സർവ്വേയുടെ ഭാഗമായി കേരളത്തിലെ കാർഷിക മേഖല ആശ്രയിക്കുന്ന പൊതു കമ്പോളങ്ങളെയും അവയുടെ നിലവിലെ പ്രവർത്തന രീതികളെയും കുറിച്ചുള്ള സമഗ്ര പഠനം 2021-22 സാമ്പത്തിക വർഷം ആരംഭിക്കുകയും സർവ്വേയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർവ്വെ ഷെഡ്യൂളുകളുടെ പ്രാഥമിക ദ്വിതീയ തല പരിശോധനകളും ഡാറ്റാ എൻട്രിയും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ